അഞ്ചാറ് കൊല്ലം മുൻപുള്ള ഒരു നവരാത്രിക്കാലം. ചോറ്റാനിക്കര ക്ഷേത്രത്തിലേക്ക് അത്യപൂർവമായ ഭക്തജനത്തിരക്ക് ഒഴുകിയെത്തി. ക്ഷേത്രദർശനം മാത്രമായിരുന്നില്ല ആ ഒഴുക്കിന് പിന്നിലെ പ്രേരണ , നടൻ പത്മശ്രീ ജയറാമിന്റെ നേത്രത്വത്തിൽ ക്ഷേത്രത്തിൽ നടക്കുന്ന പവിഴമല്ലിത്തറമേളം കാണാനും ആസ്വദിക്കാനും കൂടിയായിരുന്നു അത്. ജയറാമും കൂട്ടരും പതികാലത്തിൽ തുടങ്ങി കൊട്ടിക്കയറി ജനങ്ങളെ താളവിന്യാസങ്ങളുടെ അഭൗമലോകത്തേക്കുയർത്തുമ്പോൾ ജനം നിറഞ്ഞമനസ്സിൽ അതേറ്റുവാങ്ങി.

മേളം കഴിഞ്ഞ് ജയറാം തന്റെ കൂടെ പങ്കെടുത്ത ഓരോ കലാകാരന്മാരെയും പരിചയപ്പെട്ടു. കൂട്ടത്തിൽ ഒരാൾ ബാങ്ക് മാനേജർ ആണെന്നറിഞ്ഞപ്പോൾ ജയറാമിന്റെ മുഖത്ത് ഒരു പുഞ്ചിരി. "മാഷേ,എനിക്ക് സന്തോഷമുണ്ട് , ഈ തിരക്കുള്ള ജോലിക്കിടയിലും മേളത്തിനായി സമയം കണ്ടെത്തുന്നുണ്ടല്ലോ ? നന്നായി കൊട്ടീട്ടോ... , നമുക്ക് ഇനിയും കാണാം".

നടൻ ജയറാമിൽ നിന്നും പ്രശംസ നേടിയ ആ കലാകാരനാണ് ഈ ആഴ്ചയിലെ ടാലന്റഡ് ബാങ്കർ.

ശ്യാം കൃഷ്ണ,
സൗത്ത് ഇന്ത്യൻ ബാങ്ക്,
റീട്ടേൽ ബാങ്കിങ് ഓഫീസ്, എറണാകുളം.

കലാകുടുംബമാണ് ശ്യാമിന്റേത്. അച്ഛൻ കെ ജി രാധാകൃഷ്ണൻ എക്സ്റേ ടെക്നിഷ്യൻ ആയിരുന്നെങ്കിലും നാടകനടൻ ആയാണ് അദ്ദേഹം അറിയപ്പെട്ടത്. ദീർഘകാലം കലാനിലയം നാടകസംഘത്തിൽ അഭിനേതാവായിരുന്നു. അമ്മ ഇന്ദിര ഗവണ്മെന്റ് സ്കൂളിലെ സംഗീതാദ്ധ്യാപിക ആയിരുന്നു. അനുജൻ ശരത്കൃഷ്ണയും സഹോദരി ശരണ്യകൃഷ്ണയും കലയുടെ വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയവർ തന്നെ.

തൃപ്പൂണിത്തുറയിൽ ജനിച്ച ശ്യാം പത്താംക്ലാസ്സ് വരെ കൊടുങ്ങല്ലൂർ മതിലകം സെന്റ് ജോസഫ് ഹൈസ്കൂളിലാണ് പഠിച്ചിരുന്നത്. ഉദയംപേരൂർ എസ്എൻഡിപി ഹൈസ്കൂളിലായിരുന്നു പ്ലസ് ടു വിദ്യാഭ്യാസം. സ്കൂളിൽ പഠിക്കുമ്പോൾ എൽ പി ഡിവിഷൻ സോണൽ കലാപ്രതിഭ ആയിരുന്നു.ലളിത ഗാനം ,ശാസ്ത്രീയ

സംഗീതം,കവിതാ പാരായണം ,വില്ലടിച്ചാംപാട്ട് എന്നീ ഇനങ്ങളിൽ സമ്മാനം നേടിയാണ് അന്ന് കലാപ്രതിഭ പട്ടം നേടിയത്. പ്ലസ് ടു വിന്റെ ആദ്യ കലോത്സവത്തിൽ കവിതാ പാരായണത്തിന് ശ്യാമിനായിരുന്നു ജില്ലാ തലത്തിൽ രണ്ടാം സമ്മാനം.അക്കാലത്താണ് തൃപ്പൂണിത്തുറ ശ്യാം സാറിൽ നിന്നും , തുടർന്ന് കൊരമ്പ് നമ്പൂതിരിയിൽ നിന്നും മൃദംഗം പഠിച്ചു തുടങ്ങിയത്.

എറണാകുളം മഹാരാജാസിൽ ഡിഗ്രിക്ക് ചേർന്നു പഠിക്കുന്ന കാലത്താണ് കുടുംബത്തിന്റെ പാരമ്പര്യകലയായ ശാസ്താംപാട്ട് പഠിച്ചു തുടങ്ങുന്നത്. വലിയമ്മാവൻ കല്ലമ്പറമ്പിൽ ഭരതൻ മേനോൻ തന്നെ ആയിരുന്നു ഗുരു.

കലാകാരൻമാർ ഉടുക്ക് കൊട്ടി കൊണ്ട് തന്നെ പാട്ട് അവതരിപ്പിക്കുന്ന ശാസ്താം പാട്ട് കേരളത്തിന്റെ ചില ഭാഗങ്ങളിൽ ഏറെ പ്രചാരമുള്ള കലയാണ്. അയ്യപ്പന്റെ ജനനവുമായി ബന്ധപ്പെട്ട കഥയാണ് ഇവർ പാട്ടിലൂടെ അവതരിപ്പിക്കുന്നത്. ശാസ്താംപാട്ടിൽ ഏറെ പെരുമയുള്ള കല്ലമ്പറമ്പിൽ കുടുംബത്തിലെ അംഗമാണ് ശ്യാം.

പഠിക്കുന്ന കാലത്ത് തന്നെ പാർട്ട് ടൈം ആയി അന്ന് പ്രചാരത്തിലിരുന്ന പേജറിനു വേണ്ടി ജോലി ചെയ്തിരുന്ന ശ്യാമിന് പഠനശേഷം ഒരു ജോലി കണ്ടുപിടിക്കാൻ ഏറെ ബുദ്ധിമുട്ടേണ്ടി വന്നില്ല. 2001ൽ ഐ സി ഐ സി ഐയിൽ ജോലിക്ക് ചേർന്ന ശ്യാം ആ വർഷം മുതൽ തന്നെ ശാസ്താംപാട്ടിനും പോയിത്തുടങ്ങി.

2006 വരെ ഐ സി ഐ സി ഐയിൽ ജോലി ചെയ്ത ശ്യാം തുടർന്ന് രണ്ട് വർഷം റിലയൻസ് ക്യാപിറ്റലിൽ ജോലി ചെയ്തു. 2008ൽ ആക്സിസ് ബാങ്കിൽ ചേർന്നു. 2006ൽ ആണ് ശ്രീ വെങ്കിടേഷിൽ നിന്നും ശ്യാം ചെണ്ട അഭ്യസിച്ചു തുടങ്ങിയത്. പഠനം പൂർത്തിയാക്കിയ കാലം മുതൽ പൂരങ്ങളുടെ പൂരമായ തൃശ്ശൂർ പൂരത്തിലെ പങ്കാളിയാണ് ശ്യാം.പൂരത്തിന്റെ ആദ്യദിവസം രാവിലെ മഠത്തിൽ വരവിന് മുൻപ് തുടങ്ങി 36മണിക്കൂർ നീളുന്ന മേളപ്പെരുമയിൽ ഇലത്താളമാണ് ശ്യാം കൈകാര്യം ചെയ്യുക.

ചെണ്ടമേളത്തിൽ തന്റെ പ്രാഗൽഭ്യം തെളിയിക്കാൻ ശ്യാമിന് ഏറെ അവസരങ്ങൾ നൽകിയത് നടൻ ജയറാമാണ്. അദ്ദേഹത്തിനൊപ്പം കേരളത്തിലെ പല മഹാക്ഷേത്രങ്ങളിലും പഞ്ചാരിമേളം അവതരിപ്പിക്കാൻ ശ്യാമിന് ഭാഗ്യം ലഭിച്ചു. വാദ്യകലയുടെ

രാജാക്കന്മാരായ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ , പെരുവനം കുട്ടൻ മാരാർ, കിഴക്കൂട്ട് അനിയൻ മാരാർ , തേരൊഴി രാമക്കുറുപ്പ് , കല്ലൂർ രാമൻകുട്ടി, തിരുവല്ല രാധാകൃഷ്ണൻ ഇവരോടൊപ്പമെല്ലാം പല മഹാക്ഷേത്രങ്ങളിൽ കൊട്ടാൻ കഴിഞ്ഞത് ജീവിതത്തിലെ പുണ്യമാണെന്ന് ശ്യാം വിശ്വസിക്കുന്നു.

2014ൽ ആണ് ശ്യാം മദ്ദളം അഭ്യസിച്ചു തുടങ്ങിയത്. കലാലയം രാജുവായിരുന്നു ഗുരു. കേരളത്തിലെ ഏറ്റവും പ്രശസ്തമായ തൂക്കം നടക്കുന്നത് തലയോലപ്പറമ്പ് അരയൻ കാവിലാണ്. അവിടത്തെ തൂക്കത്തിന് പക്കമൊരുക്കുന്നത് മദ്ദളകലാകാരന്മാരാണ്. അവിടെ തന്റെ കഴിവുകൾ അവതരിപ്പിക്കാൻ ശ്യാമിന് ഏറെ അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. പലവേദികളിലും കേളികൊട്ടിന് അരങ്ങത്തെത്താനും ഭാഗ്യം ലഭിച്ചിട്ടുണ്ട് എന്ന് ശ്യാം പറയുന്നു.

കോഴിക്കോട് ജോലി ചെയ്യുമ്പോൾ പ്രശസ്ത തകിൽ കലാകാരനായ കരുണാമൂർത്തി തുടങ്ങിയ "പക്കമേളം" എന്ന ഹോട്ടലിന്റെ ഉദ്ഘാടനചടങ്ങ് തനിക്ക് മറക്കാൻ കഴിയാത്ത ഓർമ്മ നല്കിയതെപ്പറ്റി പറയുമ്പോൾ ശ്യാം വാചാലനായി. ഉദ്ഘാടനം കൊഴുപ്പിക്കാൻ ഉടമ തെരഞ്ഞെടുത്തത് പദ്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടിയുടെ മേളമായിരുന്നു. മേളം കൊട്ടിക്കയറുന്നതിനിടയിൽ മട്ടന്നൂർ ഇടയ്ക്കിടെ അവിടെ കൂടി നിന്നവരിൽ കോട്ടും ടൈയും ഒക്കെ കെട്ടി നിന്ന യുവാവിനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. യുവാവും അത് മനസ്സിലാക്കി. മേളം കഴിഞ്ഞ് മട്ടന്നൂർ യുവാവിനടുത്തെത്തി, കൈകൾ കവർന്നു ചോദിച്ചു.

"നല്ല പരിചയം, നമ്മൾ എവിടെയോ കണ്ടിട്ടുണ്ടല്ലോ?"
"ഉവ്വ്, നമ്മൾ എല്ലാ വർഷവും പൂരത്തിന് കാണാറുണ്ട്, മേളത്തിന് "
"പിന്നിവിടെ..ഈ വേഷത്തിൽ.."
"ഞാൻ ഇവരുടെ ബാങ്കിംഗ് പാർട്ണർ ആയ ആക്സിസ് ബാങ്കിൽ മാനേജർ ആണ്".
"അതിശയം, ഇത്ര ഉത്തരവാദിത്വവും തിരക്കും ഉള്ള ജോലിക്കിടയിൽ നിന്നാണോ അവിടെ എത്തുന്നത്?സമ്മതിച്ചു.."

ഈ കലാസപര്യകൾക്കിടയിലും താൻ ജോലിയിൽ ഒട്ടും പിന്നിലല്ല എന്ന് പലപ്പോഴും ശ്യാം തെളിയിച്ചു. 2018ൽ എം ഡി ആൻഡ് സി ഇ ഒ നേരിട്ട് നൽകുന്ന ആക്സിസ് രത്ന അവാർഡ് കരസ്ഥമാക്കി. വളരെ അപൂർവം ജീവനക്കാർക്ക് കിട്ടിയിട്ടുള്ള അംഗീകാരം.

2018ൽ സൗത്ത് ഇന്ത്യൻ ബാങ്ക് നേരിട്ട് ചീഫ് മാനേജറന്മാരെ തെരഞ്ഞെടുത്തപ്പോൾ ആക്സിസ് ബാങ്കിലെ പരിചയവുമായെത്തിയ ശ്യാമിന് ഇന്ന് ജോലി നോക്കുന്ന റീടെയ്ൽ വിഭാഗത്തിൽ ചീഫ് മാനേജർ ആയി നിയമനം ലഭിച്ചു.

ജോലി ചെയ്യുന്നിടത്തൊക്കെ കലാകാരൻ എന്ന പരിഗണനയും കലാകാരന്മാർക്കിടയിൽ ബാങ്ക് മാനേജർ എന്ന ബഹുമാനവും ലഭിക്കാറുണ്ടെന്ന് പറയുമ്പോൾ ശ്യാമിന്റെ വാക്കുകളിൽ അഭിമാനം നിറഞ്ഞുതുളുമ്പി. തൃപ്പൂണിത്തുറ കൃഷ്ണകുമാറിൽ നിന്നും ഇന്നും ശ്യാം മൃദംഗം അഭ്യസിക്കുന്നുണ്ട്.

ശ്യാമിന്റെ കലാസപര്യകൾക്ക് കൂട്ടായിരിക്കുന്ന ജിയോജിത് ജീവനക്കാരി ജയശ്രീ ശ്യാമിന്റെ ജീവിതതാളത്തിന്റെ ഭാഗമായത് 2010ൽ ആണ്. ആ സ്നേഹവല്ലരിയിലെ പുതുവസന്തമാണ് മൂന്നാംക്ലാസ്സ് വിദ്യാർത്ഥിനിയായ ശ്രീഭദ്ര.
തന്റെ കലാജീവിതത്തിന് പിന്തുണ നൽകുന്ന സഹപ്രവർത്തകരെ നന്ദിയോടെ ഓർക്കുന്നു ശ്യാം.അതിനേക്കാളുപരി തന്റെ പരിപാടികളിലൊക്കെ പങ്കാളിയാവുന്ന , ജോലി സ്ഥലത്ത് നിന്നും നേരിട്ട് പരിപാടിക്കെത്തുമ്പോൾ തന്റെ കൂടി വേഷവും ചെണ്ടയും ഒക്കെയായി വീട്ടിൽ നിന്നും എത്തുന്ന എസ് ബി ഐ ലൈഫ് യൂണിറ്റ് മാനേജരായ അനുജനെക്കുറിച്ച് പറഞ്ഞപ്പോൾ ശ്യാമിന്റെ വാക്കുകളിൽ സ്നേഹവും ആദരവും വാത്സല്യവും നിറഞ്ഞൊഴുകി.

ചെണ്ടമേളവും ശാസ്താംപാട്ടും ബാങ്കിങ്ങും എല്ലാം ഒരു ലയവിന്യാസം പോലെ കൊണ്ട് പോവുന്ന ശ്യാമിന് മേളപ്പെരുമയുടെ കലാശം ഒരുക്കി പ്രാമാണ്യം വഹിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.
---------------------------------------------------------------------------------------------------

**English Version**

Navarathri season around 5 or 6 years ago.. an unusual throng of devotees flowed to the Chottanikkara temple. The particular rush was not just for the divine darshan, but to watch and enjoy the ‘Pavizhamallitharamelam’ organized at the temple, led by actor Padmashri Jayaram. The actor and team started off slowly in the ‘Pathikaala' and went on to mesmerize the eager enthusiasts with their ethereal magic with thaalas. Once the melam ended, the actor got himself acquainted with his team members.. and when he came to know one of them was a

banker, a smile spread across his face.. and he said, “Mashe, I am so glad you could find time out of your busy schedule to take part in the melam. And you have done a wonderful job. We will meet again.” The banker who was thus appreciated by actor Jayaram is today’s talented banker :

Syam Krishna
South Indian Bank Ltd
Retail Banking Office, Ernakulam

Syam's is an artistic family. His father K G Radhakrishnan though worked as an X ray technician, was known as a theatre artist. He was an actor for a long time in the Kalanilayam drama troupe. His mother Indira was a Government school Music teacher. His younger brother Sarath Krishna and sister Saranya Krishna are artistically talented.

Born in Tripunithura, Syam studied in Kodungallur Mathilakam St.Joseph High School till 10th standard. He completed his 12th standard from Udayamperur S N D P High School. He became the L P school zonal level ‘Kalaprathibha' while at school by winning prizes for Light music, Carnatic music, Poetry recitation and Villadichampaatu. During the first Kalotsavam while at +2, he won the district level second prize for Poetry recitation. It was around then that he started his Mridangam classes from Tripunithura Syam sir and then from Korambu Namboodiri.

He started learning the family traditional artform of Sastampaatu while doing his degree classes from Ernakulam Maharaja's College. His elder maternal uncle Kallamparambil Bharathan Menon was his first guru. Sasthampaatu, in which the artist himself drums the ‘udukku' along with his singing, is very prevalent still in some parts of Kerala. Stories related to the birth of Lord Ayyappa are sung in them. Syam is a member of the Kallamparambu family which is well known for their expertise in the art form.

While pursuing his studies itself he used to go for part-time jobs for the then prevailing Pager, and hence getting a job after completion of his studies was just cake walk for him. He joined ICICI bank in the year 2001 and started going for Sasthampaatu performances too the same year.

After working with ICICI bank till 2006, he joined Reliance Capital and worked there for two years. In 2008, he joined the Axis bank. He started his ‘Chenda’ classes from Shri Venkitesh in the year 2006. From the time he completed his lessons, he became an inevitable member of the world famous pooram, the Thrissur pooram. He is in charge of the ‘Ilathaalam' during the 36-hour-long ‘Melaperuma' that starts on the first day of the pooram before the ‘Madathil varavu' begins.

The actor Jayaram gave Syam many opportunities to prove his talent in ‘Chendamelam'. Syam was lucky to be part of ‘Pancharimelam' performing alongside Jayaram in various famous

temples. He considers it his boon to have been able to play ‘Chenda' at many well-known temples with the ‘raja's in the ‘Vadhyakala' like Mattannur Sankarankutty Maarar, Peruvanam Kuttan Maarar, Kizhakoot Aniyan Maarar, Therozhi Ramakurup, Kallur Ramankutty and Thiruvalla Radhakrishnan.

Syam started learning ‘Maddalam' in the year 2014 under the tutelage of Kalalayam Raju. The most famous ‘Thookkam' in Kerala is the one at Thalayolaparambu Arayan Kaavu. For it, pakkam is done by Maddalam artists. Syam has received many opportunities to play there too. He also got to perform ‘Kelikottu' in various venues.

Syam gets talkative when he remembers the occasion during his tenure at Kozhikode, of the inauguration of a hotel named ‘Pakkamelam' owned by the famous ‘Thakil' artist Karunamoorthy. There was a melam by Padmashri Mattannur Sankarankutty during the same. Mattannur noticed a youngster in a formal suit among those attending the function. The youth too realised that he was being watched. After the performance, the veteran artist held the youth's palms and enquired;

“You seem very familiar. We have met somewhere, haven’t we?”
“Yes sir, we meet every year at pooram, for the melam..” answered the youth.
“But.. why are you here? That too in this attire?”
“I am the manager at the owner’s banking partner, the Axis bank..”
“Wow! That is amazing .. you take time from such a responsible and busy job to come there every year! That is commendable!!” said the famous artist, appreciating.

Syam has proved time and again that along with all these talents, he is as good in his workplace too. In 2018 he won the Axis ratna award directly handed over by the MD and CEO which is a rarity among the employees of the bank.

In the 2018 direct recruitment for Chief Managers in South Indian bank, he got selected with his experience in Axis bank and joined as Chief Manager in retail sector, where he is still working.

He says it makes him proud to be known in the bank as a talented artist and in the performing arts world as a banker. He is still learning Mridangam from Tripunithura Krishna Kumar.

His main supporter in his talents, Geojit employee Jayasree tied knot with him in the year 2010. And they are blessed with the blossom of their spring, Sreebhadra who is a 3rd standard student.

Syam thankfully remembers all his colleagues who support him in all his endeavours. His voice rings with mixed emotions of gratitude, affection and respect when he talks about his brother

(who works as unit manager for SBI life) and his invaluable support during a performance and how he would carry the costume and ‘Chenda' from home to the venue during occasions when Syam is forced to go for the performance directly from the bank.

We wish his life, a complete melam of Chendamelam, Sasthampaatu and banking, may be blessed with the right thaalas of happiness, fame, prosperity and satisfaction always.

---

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ (Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry, City Exchange, Deira Dubai Branch, UAE